റിയൽ ലൈഫ് വോയ്സ്

REAL LIFE VOICE

Monthly

Volume 15 Price:Rs.5/-

Issue 10 **October 2026** Pages 24

"അവനെ (ക്രിസ്തുവിനെ) ഞങ്ങൾ അറിയിക്കുന്നതിൽ ഏത് മനുഷ്യനെയും ക്രിസ്തുവിൽ തികഞ്ഞവനായി നിറുത്തേണ്ടതിന് ഏതു മനുഷ്യനെയും പ്രബോധിപ്പിക്കുകയും ഏതു മനുഷ്യനോടും സകല ജ്ഞാനത്തോടും കൂടെ ഉപദേശിക്കയും ചെയ്യുന്നു. അതിനായി ഞാൻ എന്നിൽ ബലത്തോടെ വ്യാപരിക്കുന്ന അവന്റെ (ക്രിസ്തുവിന്റെ) വ്യാപാരശക്തിക്ക് ഒത്തവണ്ണം പോരാടിക്കൊണ്ട് അധ്വാനിക്കുന്നു" **(കൊലൊസ്യർ 1:28-29)**

REAL LIFE VOICE

KOTTEKAD, KUTTUR P.O.,
THRISSUR, KERALA - 680 013

REAL LIFE VOICE

Volume 15	Issue 10	October 2026	Pages 24	Rs.5/

Annual Subscription: Rs.60/-

Editor:

Dr. Sebastian M.V. (PhD)

Ph: 95 44 557 557

Email: reallifekottekad@gmail.com

Website: www.reallifevoice.in

Book No.

178

ഉള്ളടക്കം

പേജ്

- ബാലാവകാശ കമ്മീഷന്റെ... ഉത്തരവുകൾ 3
- വായനക്കാരുടെ അഭിപ്രായങ്ങൾ 6
- ആസ്യയിലെ ഏഴ് സഭകൾ (32) 7
- യോനാ (പുസ്തകപഠനം) (26) 10
- കുടുംബജീവിതം: പ്രായോഗികചിന്തകൾ (11) 13
- ചോദ്യവും ഉത്തരവും (44) 17
- കൊച്ചുണ്ണിയുടെ ബൈബിൾവായന (32) 20
- കാർട്ടൂൺ (7) 22
- കേന്ദ്രസർക്കാർ നടപടി സ്വീകരിച്ചില്ലെങ്കിൽ.. 23

ഈ മാസികയുടെ ലക്ഷ്യം:

സഭ, സമൂഹം എന്നിവയെക്കുറിച്ചുള്ള അഭിപ്രായപ്രകടനവും വചനപഠനവും അതിലൂടെയുള്ള ബോധവത്കരണവും.



എഡിറ്റോറിയൽ

**"നിങ്ങളോട് സത്യം പറയുന്നതുകൊണ്ട്
ഞാൻ നിങ്ങൾക്ക് ശത്രുവായിപ്പോയോ?" (ഗലാത്യർ 4:16)**

ബാലാവകാശകമ്മീഷന്റെ വിചിത്രമായ ഉത്തരവുകൾ

2013 ൽ രൂപംകൊണ്ട കേരള ബാലാവകാശകമ്മീഷൻ കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കാനെന്ന ഭാവത്തിൽ പുറപ്പെടുവിക്കുന്ന ഓർഡറുകൾ പലതും സ്കൂളുകളിലെ അച്ചടക്കം നശിപ്പിക്കാനും കുട്ടികളുടെ ഇടയിൽ തോന്നിവാസം വർദ്ധിപ്പിക്കാനും ഇടയാക്കുന്നു എന്ന ആരോപണം അദ്ധ്യാപകരിൽനിന്നും രക്ഷിതാക്കളിൽനിന്നും ഉണ്ടായിട്ടുണ്ട്. കുട്ടികൾ പലരും സ്കൂളുകളിൽ മാത്രമല്ല സ്വന്തം വീടുകളിലും താന്തോന്നികളായി നടക്കുന്നുവെന്നുള്ള അഭിപ്രായം വർദ്ധിച്ചുവരുന്നു.

റിയൽ ലൈഫ് വോയ്സ് എന്ന ഈ മാസിക പ്രധാനമായും വിതരണം നടത്തുന്നത് ക്രൈസ്തവരുടെ ഇടയിൽ ആണ്. ക്രൈസ്തവരുടെ അടിസ്ഥാനഗ്രന്ഥമായ ബൈബിളിനെ ആധാരമാക്കി കാര്യങ്ങളെ വിലയിരുത്തുന്ന രീതിയാണ് ഇതിൽ സ്വീകരിച്ചിട്ടുള്ളത്. ബാലാവകാശകമ്മീഷന്റെ ഉത്തരവുകളെ ബൈബിളിനെ ആധാരമാക്കി പരിശോധിക്കുമ്പോൾ അത്യന്തം വിചിത്രമായി മാത്രമാണ് തോന്നുന്നത്.

കുട്ടികളെ ശിക്ഷിക്കുകയോ (ശാരീരികപീഡനം) ശാസിക്കുകയോ (മാനസികപീഡനം) ചെയ്യരുതെന്നാണ് ബാലാവകാശകമ്മീഷൻ പുറപ്പെടുവിച്ച ഒരു ഉത്തരവ്. കോടതിയും ഇതിനെ അനുകൂലിക്കുന്ന വിധത്തിൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. "ബാലന് ശിക്ഷ കൊടുക്കാതിരിക്കരുത്" എന്ന് ബൈബിൾ പറയുമ്പോൾ (സദൃശവാക്യങ്ങൾ 23:13), ബാലനെ ശിക്ഷിക്കുകയേ ചെയ്യരുതെന്നാണ് ബാലാവകാശകമ്മീഷൻ പറയുന്നത്. ദൈവത്തിന്റെ കല്പന തെറ്റാണെന്നാണ് കമ്മീഷൻ കണ്ടെത്തിയിരിക്കുന്നത്.

അദ്ധ്യാപകരുടെ കാര്യമാണ് കഷ്ടം. ക്ലാസ്സ്റൂമുകളിൽ കുട്ടികളുടെ വിളയാട്ടമാണ്. അത് ചോദ്യം ചെയ്യാനോ അവരെ ശാസിക്കാനോ ശിക്ഷിക്കാനോ അനുവാദമില്ല. ക്ലാസ്സിൽ ശ്രദ്ധിക്കാതെ അലസനായിരിക്കുന്ന

കുട്ടിയെ ശാസിക്കാൻ പാടില്ല. കളിച്ചും ചിരിച്ചും വർത്തമാനം പറഞ്ഞും ഇരിക്കുന്ന കുട്ടിയെ ശിക്ഷിക്കാൻ പാടില്ല. വിചിത്രമായ നിയമങ്ങളാൽ ഇരുകൈകളും ബന്ധിക്കപ്പെട്ടവരായി ക്ലാസ്റൂമുകളിൽ കയറേണ്ട ഗതികേടാണ് അദ്ധ്യാപകർക്കുള്ളത്. കുട്ടികൾ അദ്ധ്യാപകരുടെ നേരെ കയർക്കുകയോ തർക്കുത്തരം പറയുകയോ ഭീഷണിപ്പെടുത്തുകയോ... എന്തിനേറെപ്പറയണം... അദ്ധ്യാപകരെ കുട്ടികൾ തല്ലിയാൽ പോലും അദ്ധ്യാപകർക്ക് തിരിച്ചൊന്നും പറയാനോ ചെയ്യാനോ പാടില്ല.

കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ വേണ്ടിയാണ് എന്നുപറഞ്ഞ് പടച്ചുവിടുന്ന നിയമങ്ങൾ ഫലത്തിൽ കുട്ടികളിലെ തെറ്റുകൾക്ക് കൂട്ടുനിൽക്കുന്ന സംരക്ഷണകവചങ്ങളായി മാറുകയല്ലേ ചെയ്യുന്നത്? അത്യന്തം ഗുരുതരമായ പ്രത്യാഘാതങ്ങളല്ലേ ഇതു നിമിത്തം ഉണ്ടാകുന്നത്?

ഇതിനെതിരെ ജനവികാരം ഉയരാത്തതും അദ്ധ്യാപകസംഘടനകൾ പ്രതികരിക്കാത്തതും കാര്യങ്ങളുടെ ഗൗരവം കൂട്ടുന്നു. ഇപ്പോഴിതാ പുതിയ ഓർഡർ ബാലാവകാശകമ്മീഷൻ പുറപ്പെടുവിച്ചിരിക്കുന്നു. ആൺകുട്ടികളുടെ മുടി സംബന്ധിച്ചുള്ളതാണ് അത്. ആൺകുട്ടികൾക്ക് മുടി എത്ര വേണമെങ്കിലും നീട്ടിവളർത്താമത്രേ! മുടി വെട്ടിവരാൻ അദ്ധ്യാപകർ പറയാൻ പാടില്ല. മുടി നീട്ടിവളർത്തിയതിന്റെ പേരിൽ കുട്ടികളെ വഴക്ക് പറയരുത്. പക്ഷേ കുട്ടികൾ കണ്ണ് മറയാത്ത രീതിയിൽ മുടി സൂക്ഷിക്കണം. മാത്രമല്ല മുടി വൃത്തിയായി സൂക്ഷിക്കണം. ആവശ്യമെങ്കിൽ ഹെയർ ബാൻഡ് ഉപയോഗിക്കാം. ഇതൊക്കെയാണ് നമ്മുടെ കമ്മീഷൻ പറഞ്ഞിരിക്കുന്നത്.

മുടി എങ്ങനെയാണ് വൃത്തിയായി സൂക്ഷിക്കേണ്ടത് എന്നുകൂടി കമ്മീഷൻ പറഞ്ഞാൽ കൊള്ളാമായിരുന്നു. സ്കൂളുകളിൽ അച്ചടക്കവും വൃത്തിയും കൃത്യനിഷ്ഠയും പ്രോത്സാഹിപ്പിക്കുന്നതിനായി സ്കൂൾ അധികൃതർ വച്ചിട്ടുള്ള നിയമങ്ങളെയും വ്യവസ്ഥകളെയും പൂർണ്ണമായും അട്ടിമറിച്ച് സ്കൂളുകളിൽ അരാജകത്വം സൃഷ്ടിക്കാൻ മാത്രമാണ് കമ്മീഷന്റെ ഉത്തരവുകൾ ഇടയാക്കുന്നത് എന്ന അഭിപ്രായമുള്ളവരുണ്ട്. കമ്മീഷനിലെ അംഗങ്ങൾക്ക് ശീതീകരിച്ച മുറിയിൽ സുഖപ്രദമായി ഇരുന്ന് ഉത്തരവുകൾ പുറപ്പെടുവിച്ചാൽ മതി; അതിന്റെ ദോഷം അനുഭവിക്കുന്നത് അദ്ധ്യാപകരും. അതുകൊണ്ട് ഇത്തരം നിയമങ്ങൾ മെനഞ്ഞുണ്ടാക്കുന്നതിനു മുമ്പ് അദ്ധ്യാപകരുടെ അഭിപ്രായം ചോദിക്കാമായിരുന്നു.

കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കാൻവേണ്ടിയാണ് എന്നുപറഞ്ഞ് പടച്ചുവിടുന്ന നിയമങ്ങൾ ഫലത്തിൽ കുട്ടികളിലെ തെറ്റുകൾക്ക്

കൂട്ടുനിൽക്കുന്ന സംരക്ഷണകവചങ്ങളായി മാറുകയല്ലേ ചെയ്യുന്നത്? ശാസനയും ശിക്ഷയും ഇല്ലാതെ കുട്ടികളെ പഠിപ്പിക്കേണ്ട അദ്ധ്യാപകർക്ക് തങ്ങളുടെ ജോലിയിൽ ആത്മാർത്ഥത കാണിക്കാൻ കഴിയാതെ വരുന്നു. വഴിപാടുപോലെ പഠിപ്പിച്ച് അവർ തങ്ങളുടെ ജോലി എങ്ങനെയെങ്കിലും പൂർത്തിയാക്കുന്നു. മാസത്തിനൊടുവിൽ ശമ്പളം കിട്ടുമല്ലോ എന്നോർത്ത് അവർ ആശ്വസിക്കുന്നു. കുട്ടികളെ ശാസിച്ചതിന്റെ പേരിലോ ശിക്ഷിച്ചതിന്റെ പേരിലോ ജയിലിൽ പോയി കഴിയേണ്ട അവസ്ഥ ഒഴിവാക്കാൻ അവർ ശ്രമിക്കുന്നു.

മുടി നീട്ടിവളർത്തുന്നത് സംബന്ധിച്ച് ബൈബിൾ വ്യക്തമായ നിർദ്ദേശം നൽകുന്നുണ്ട്. "പുരുഷൻ മുടി നീട്ടിയാൽ അത് അവന് അപമാനം" (1 കൊരിന്ത്യർ 11:14). ആണും പെണ്ണും എന്ന വ്യത്യാസം വസ്ത്രത്തിലും (ആവർത്തനം 22:5), മുടിയിലും (1 കൊരിന്ത്യർ 11:14) കാണിക്കണമെന്നാണ് ബൈബിൾ തരുന്ന നിർദ്ദേശം. എന്നാൽ അങ്ങനെയുള്ള വ്യത്യാസം വേണ്ട എന്നാണ് കമ്മീഷൻ പറയുന്നത്. ആണും പെണ്ണും എന്ന വ്യത്യാസം വേണ്ടത്രേ!

പ്രിയ കമ്മീഷൻ, നിങ്ങൾ എന്തൊക്കെ പരിഷ്കാരങ്ങളും നിയമങ്ങളും കൊണ്ടുവന്നാലും ആൺ-പെൺ വ്യത്യാസം ഒഴിവാക്കാൻ നിങ്ങൾക്ക് കഴിയില്ല. എന്തുകൊണ്ടെന്നാൽ, "സൃഷ്ടിച്ചവൻ ആദിയിൽ അവരെ ആണും പെണ്ണുമായി സൃഷ്ടിച്ചു" (മത്തായി 19:5) എന്ന് ബൈബിൾ വ്യക്തമാക്കുന്നു. നിയമങ്ങൾ കൊണ്ടുവന്ന് അടിച്ചേൽപ്പിക്കുന്നതിലൂടെ ശരീരത്തിലെ ആൺ-പെൺ വ്യത്യാസം ഇല്ലാതാവുന്നില്ല. ആ വ്യത്യാസം സ്രഷ്ടാവായ ദൈവം വച്ചതാണ്. ശസ്ത്രക്രിയയിലൂടെ ശരീരത്തിലെ ലിംഗനിർണ്ണയഭാഗങ്ങൾ മുറിച്ചുമാറ്റിയാൽ പോലും പിന്നെയും ആ വ്യത്യാസം നിലനിൽക്കും.

ആൺ-പെൺ വ്യത്യാസം ഇല്ലാതാക്കുക എന്ന ഒരിക്കലും നടക്കാത്ത കാര്യത്തിന്റെ പുറകെ ഒരുകെട്ട് നിയമങ്ങളുമായി നടക്കുന്നതിനേക്കാൾ നല്ലത് കുട്ടികളുടെ ഇടയിൽ അച്ചടക്കവും കൃത്യനിഷ്ഠയും പ്രോത്സാഹിപ്പിച്ച് നല്ലൊരു തലമുറയെ വാർത്തെടുക്കാൻ ശ്രമിക്കുന്നതാണ്. കുട്ടികൾ അദ്ധ്യാപകരെ ബഹുമാനിക്കുന്നില്ല; പകരം അദ്ധ്യാപകർ കുട്ടികളെ ഭയക്കുന്നു. കുട്ടികൾ മാതാപിതാക്കളെ അനുസരിക്കുന്നില്ല; പകരം മാതാപിതാക്കൾ കുട്ടികളെ അനുസരിക്കുന്നു, പ്രീതിപ്പെടുത്തുന്നു.

ഈ പോക്ക് തുടരാൻ അനുവദിച്ചാൽ, നിർഗുണന്മാരും സാമൂഹ്യദ്രോഹികളുമായ ഒരു തലമുറ വളർന്നു വികാസം പ്രാപിക്കും എന്ന കാര്യം നിശ്ചയമാണ്. അധികാരികൾ ഉണർന്നു പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

(എംവിഎസ്)

വായനക്കാരുടെ അഭിപ്രായങ്ങൾ

നിങ്ങളുടെ പ്രതികരണങ്ങൾ sms ആയോ, WhatsApp ആയോ അറിയിക്കുക. ഫോണിലൂടെ വിളിച്ചറിയിക്കാം. WhatsApp ൽ വോയ്സ് മെസേജ് ആയും അറിയിക്കാം.

K D Thomas, Pune, Maharashtra

സെപ്റ്റംബർമാസത്തിലെ മാസിക വായിച്ചു. വളരെ സന്തോഷം. യോനായുടെ പുസ്തകപഠനം വളരെ നന്നായി എനിക്ക് തോന്നി. യോനാ കടലിൽ വീണ ഉടനെ മത്സ്യം വിഴുങ്ങി എന്നാണ് ധരിച്ചിരുന്നത്. എന്നാൽ വചനത്തിന്റെ അടിസ്ഥാനത്തിൽ അക്കാര്യത്തിൽ അറിവ് തന്നതിന് നന്ദി. അതുപോലെ 50 വർഷം പൂർത്തിയാക്കിയ ദമ്പതികളെക്കുറിച്ചുള്ള ലേഖനപരമ്പരയും നന്നായി. പ്രവർത്തനത്തെ ദൈവം ധാരാളമായി അനുഗ്രഹിക്കട്ടെ.

Kurien Mathew, Kakkanad, Kochi

സെപ്റ്റംബർമാസത്തെ എല്ലാ പംക്തിയും ഗംഭീരമായിരിക്കുന്നു. ഏറെ ആകർഷിച്ചത് യോനയാണ്. ഇതുവരെ കരുതിയിരുന്നത് യോനാ നിലവിളിച്ചത് മത്സ്യത്തിന്റെ ഉള്ളിൽവച്ചാണ് എന്നാണ്. പല പ്രാവശ്യം വായിച്ചിട്ടുള്ള ഭാഗമാണെങ്കിലും ഇന്നാണ് അത് കൃത്യമായി മനസ്സിലായത്. വളരെ നന്ദി. എന്നാൽ ഇന്നും എനിക്ക് മനസ്സിലാകാത്ത ഒരു കാര്യമുണ്ട്. കപ്പൽ അപകടത്തിലായിട്ടും താനും മരിക്കും എന്ന അവസ്ഥ വന്നിട്ടും യോനാ എന്തുകൊണ്ട് മാനസാന്തരപ്പെട്ടില്ല? അവിടെയിരുന്ന് പ്രാർത്ഥിച്ചില്ല?

Paul P Skaria, Chevayur, Kozhikode

എനിക്ക് മാസിക വരുന്നുണ്ട്. അത് വളരെ പ്രയോജനപ്പെടുന്നു. പല പുതിയ ചിന്തകൾ, ആശയങ്ങൾ ഒക്കെ ലഭിക്കുന്നു.

Jose T, Paravur, Ernakulam

റിയൽ ലൈഫ് വോയ്സ് തുടർമാനമായി വായിക്കുന്ന ഒരാളാണ് ഞാൻ. സത്യത്തിന്റെ തൂണായി നിലകൊള്ളുന്ന, ദൈവികസത്യങ്ങളെ നന്നായി വിവരിക്കുന്ന ഈ മാസികയിൽ ആനുകാലികമായ വാർത്തകളെയും അതുമായി ബന്ധപ്പെട്ട ബൈബിൾവീക്ഷണങ്ങളെയും നന്നായി അവതരിപ്പിക്കുന്നതിൽ സെബാസ്റ്റ്യൻബ്രദർ വിജയിക്കുന്നുണ്ട്. ഈ മാസിക തുടർന്നും അനേകർക്കും കുടുംബങ്ങൾക്കും ദൈവത്തെ അറിയുവാനും വിശുദ്ധജീവിതം നയിക്കാനും കാരണമായിത്തീരട്ടെ എന്ന് ആശംസിക്കുന്നു. ❍



32

ആസ്യയിലെ 7 സഭകൾ

വെളിപ്പാട് 2,3 അദ്ധ്യായങ്ങളിൽനിന്നുള്ള ചിന്തകൾ

ഡോ. എം. വി. സെബാസ്റ്റ്യൻ, തൃശ്ശൂർ

ഫിലദെൽഫ്യയിലെ സഭയ്ക്കുള്ള സന്ദേശം (വെളി. 3:7–13)

ജയിക്കുന്നവനെ ഞാൻ എന്റെ ദൈവത്തിന്റെ ആലയത്തിൽ ഒരു തൂണാക്കും; അവൻ ഒരിക്കലും അവിടെനിന്ന് പോകയില്ല; എന്റെ ദൈവത്തിന്റെ നാമവും എന്റെ ദൈവത്തിന്റെ പക്കൽനിന്ന് സ്വർഗ്ഗത്തിൽ നിന്നു തന്നെ ഇറങ്ങുന്ന പുതിയ യെരൂശലേം എന്ന എന്റെ ദൈവത്തിൻ നഗരത്തിന്റെ നാമവും എന്റെ പുതിയ നാമവും ഞാൻ അവന്റെ മേൽ എഴുതും (3:12)

ജയിക്കുന്നവനെ ദൈവം മാനിക്കും. പിശാചിനെയും അവന്റെ തന്ത്രങ്ങളെയും ദൈവകൃപയിലാശ്രയിച്ച് ജയിക്കാൻ നാം ശ്രമിക്കണം. അങ്ങനെ ജയിക്കുന്നവന് ദൈവം സമ്മാനങ്ങൾ വാഗ്ദാനം ചെയ്യുന്നുണ്ട്. അഞ്ച് അനുഗ്രഹങ്ങളാണ് ഈ വാക്യത്തിൽ ദൈവം ജയിക്കുന്നവന് കൊടുക്കുമെന്ന് പറഞ്ഞിരിക്കുന്നത്. അക്ഷരാർത്ഥത്തേക്കാൾ ആലങ്കാരികാർത്ഥമാണ് ഇവിടെ യോജിക്കുന്നത്.

1. ദൈവത്തിന്റെ ആലയത്തിൽ ഒരു തൂണാക്കും

അല്പം മാത്രമേ ശക്തിയുള്ളൂ (3:12) എങ്കിലും കർത്താവിനുവേണ്ടി നിലനിന്ന ഫിലദെൽഫ്യസഭയിലെ ഓരോ വിശ്വാസിയെയും (ജയിക്കുന്നവന് എന്ന ഏകവചനപ്രയോഗം ശ്രദ്ധിക്കുക) ദൈവാലയത്തിലെ തൂണാക്കും. അതായത്, അല്പം മാത്രമുള്ള ശക്തി എന്ന അവസ്ഥ വിട്ട് കൂടുതൽ കരുത്തുള്ള അവസ്ഥയിലേക്ക് ജയിക്കുന്നവൻ എത്തും. ഇന്ന് നാം അനേകം കുറവുകൾ അനുഭവിക്കുന്നുണ്ടാകാം. മറ്റുള്ളവർ നമ്മുടെ നേർക്ക് അനാവശ്യമായി കയർത്തുവന്ന് നമ്മെ ഉപദ്രവിക്കുന്നുണ്ടാകാം. വിശ്വസ്തതയോടെ കർത്താവിനെ സേവിക്കുക. നാം ശക്തി പ്രാപിച്ച അവസ്ഥയിൽ ഒരിക്കൽ എത്തിച്ചേരും. ആർക്കും പിന്നെ നമ്മുടെ മേൽ കുതിര കേറാനാവില്ല.

2. അവൻ ഒരിക്കലും അവിടെനിന്ന് പോകയില്ല

ജയിക്കുന്നവന് സ്ഥിരമായ അനുഗ്രഹമാണ് ലഭിക്കാൻ പോകുന്നത്. എന്നും അവൻ ജയാളിയായി കാണപ്പെടും. ദൈവം കൊടുക്കുന്ന സ്ഥിര മായ അനുഭവത്തെ ഇത് കാണിക്കുന്നു. ഇന്ന് നമുക്ക് ലഭിക്കുന്ന അനുഗ്ര ഹങ്ങളും അവസരങ്ങളും നഷ്ടപ്പെടുത്താൻ ഉത്സാഹിക്കുന്ന ചില അസൂ യാലുക്കളെ കണ്ടിട്ടുണ്ട്. ഇവരുണ്ടാക്കുന്ന കുത്തിത്തിരുപ്പ് മൂലം നമുക്ക് ലഭിച്ചേക്കാവുന്ന പല സന്തോഷങ്ങളും നഷ്ടപ്പെടുക സ്വാഭാവികം. പക്ഷേ നിത്യതയിൽ നമുക്ക് ലഭിക്കാൻ പോകുന്ന അനുഗ്രഹങ്ങളെ തടയുവാനോ പിൻവലിപ്പിക്കാനോ ആർക്കും കഴിയില്ല. തൂണുപോലെ അവന് ഉറച്ചു നിൽക്കാം.

3. ദൈവത്തിന്റെ നാമം അവന്റെ മേൽ യേശു എഴുതും

ശരീരത്തിൽ പല പേരുകൾ എഴുതുന്ന പ്രവണത ഇക്കാലത്ത് കൂടുത ലായി കണ്ടുവരുന്നു. കാമുകന്റെ/കാമുകിയുടെ പേര് ശരീരത്തിൽ എഴുതു ന്നവരും, ഇഷ്ടപ്പെട്ട ഹീറോയുടെ പേരെഴുതുന്നവരും ഏതെങ്കിലും ദേവന്റെ പേരെഴുതുന്നവരുമുണ്ട്. ടാറ്റൂ സെന്ററുകൾ കൂണുപോലെ മുളച്ചു പൊന്തി യിരിക്കുന്നതുകൊണ്ട്, പേരോ ഡിസൈനോ എന്തുവേണമെങ്കിലും ശരീര ത്തിൽ രേഖപ്പെടുത്താനുള്ള അവസരവുമുണ്ട്.

ജയിക്കുന്നവന്റെ മേൽ ദൈവത്തിന്റെ പേരാണ് എഴുതുന്നത്. യേശു വാണ് എഴുതുന്നത്. ആർക്കും അത് മായിച്ചുകളയാൻ ആവില്ല. അവൻ എന്നേക്കും ദൈവത്തിന്റെ വകയാണെന്ന് ആ നാമം തെളിയിക്കുന്നു. ദൈവ ത്തിന്റെ ഉടമസ്ഥാവകാശമാണ് അതിലൂടെ തെളിയുന്നത്. വിമാനത്താവള ത്തിലോ കൊരിയർകമ്പനിയിലോ നിന്ന് നമ്മുടെ പേർ എഴുതിയിരിക്കുന്ന ബോക്സ് നമുക്ക് സ്വന്തമാക്കാം. നമ്മുടെ മേൽ എഴുതിയിരിക്കുന്നത് ദൈവ ത്തിന്റെ പേരായതുകൊണ്ട് നാം ദൈവത്തിന്റെ സ്വന്തമാണ്. ഇനി ആരും നമ്മെ കൈവശമാക്കാൻ വരികയില്ല.

4. പുതിയ യെരൂശലേമിന്റെ നാമം അവന്റെ മേൽ യേശു എഴുതും

പുതിയ യെരൂശലേം എന്ന ദൈവത്തിന്റെ നഗരത്തിന്റെ നാമം അവന്റെ മേൽ എഴുതും. ദൈവത്തിന്റെ നഗരത്തിൽ അവനുള്ള പൗരത്വം ഊന്നിപ്പറ യുന്നതാണ് ഈ വാക്യത്തിൽ നാം കാണുന്നത്. ഫിലദെൽഫ്യ എന്ന നഗരം പോലെയല്ല അത്. ദൈവത്തിന്റെ അധീനതയിൽ ഉള്ള സ്ഥലത്തിൽ സ്ഥിര മായ അംഗത്വം ലഭിക്കുന്നതിലൂടെ ഒരു ദൈവപൈതൽ ആർക്കും തോൽപ്പി ക്കാൻ കഴിയാത്ത വിധം സുരക്ഷിതനാകുന്നു. സാത്താന്റെ പള്ളിക്കാരും (3:9), പരീക്ഷാക്കാലവും (3:10) ഒന്നും ഇനി അവരുടെ നേരെ വരില്ല. സമാ ധാനത്തിന്റെ നഗരത്തിലാണ് അവർ എത്തുന്നത്.

5. യേശുവിന്റെ പുതിയ നാമം അവന്റെ മേൽ യേശു എഴുതും

യേശുവിന്റെ പുതിയ നാമത്തെക്കുറിച്ച് വെളിപ്പാട് 19:12 ൽ ഇപ്രകാരം വായിക്കുന്നു: "എഴുതീട്ടുള്ള ഒരു നാമവും അവനുണ്ട്. അത് അവനല്ലാതെ ആർക്കും അറിഞ്ഞുകൂടാ" അതായത്, ആ പുതിയ നാമത്തെക്കുറിച്ച് നമുക്ക് കൂടുതൽ കാര്യങ്ങൾ വെളിപ്പെടുത്തി കിട്ടിയിട്ടില്ല. ഏതായാലും യേശുവിന്റെ ആ പുതിയനാമവും നമ്മുടെ മേൽ എഴുതപ്പെടുന്നതോടുകൂടി കർത്താവു മായി നമുക്കുള്ള അഭേദ്യമായ ബന്ധം വെളിവാകുന്നു.

ചുരുക്കിപ്പറഞ്ഞാൽ, മുകളിൽ പറഞ്ഞിരിക്കുന്ന അനുഗ്രഹങ്ങൾ ഒരു വിശ്വാസിക്ക് കൈവരാൻ പോകുന്ന സ്ഥിരതയേയും സുരക്ഷിതത്വത്തേയും കാണിക്കുന്നു. ഈ ലോകത്തിൽ അവന്റെ മുമ്പിലുള്ള പ്രശ്നങ്ങളും സംഘർഷങ്ങളും കണ്ണീരുമെല്ലാം സ്ഥിരമായി മാറിപ്പോകും. ദൈവത്തിന്റെ സമ്പൂർണ്ണമായ സംരക്ഷണവലയത്തിൽ അവന് നിത്യത ചെലവഴിക്കാൻ കഴിയും. അതുകൊണ്ട് അല്പകാലത്തേക്കുള്ള നമ്മുടെ പ്രയാസങ്ങളുടെ പേരിൽ നാം ദൈവത്തോട് അകലേണ്ടതില്ല.

ആത്മാവ് സഭകളോട് പറയുന്നത് എന്തെന്ന്
ചെവിയുള്ളവൻ കേൾക്കട്ടെ (3:13)

ഏഴു സഭകളോടും സന്ദേശം പറയുമ്പോൾ അതിൽ അവസാന വാക്യം ഇതാണ്. ഈ സന്ദേശങ്ങളെല്ലാം ഏതെങ്കിലും ഒരു പ്രത്യേക സ്ഥലംസ ഭയ്ക്ക് മാത്രമുള്ളതല്ലെന്നും എല്ലാ കാലത്തുമുള്ള എല്ലാ വിശ്വാസികൾക്കു മുള്ളതാണെന്നും ഈ പ്രസ്താവന തെളിയിക്കുന്നു. ചെവിയുള്ളവൻ കേൾക്കട്ടെ എന്നു പറഞ്ഞുകൊണ്ട്, ഈ സന്ദേശം നാം ശ്രദ്ധയോടെ കേൾ ക്കണം എന്ന് കർത്താവ് ആഹ്വാനം ചെയ്യുകയാണ്. **(തുടരും)**

യുവതികളുടെ മാതാപിതാക്കളിൽ നിന്ന് വിവാഹാലോചന ക്ഷണിക്കുന്നു

Bride wanted

പുനലൂരുള്ള ക്രിസ്ത്യൻ ബ്രദറൺ ചർച്ചിൽ കൂടിവരുന്നു

Date of Birth: 29-12-1992 Age: 33 Height: 156 cm

Weight: 60 Kg Education: Higher Secondary

Occupation: Welder, fabricator (Work at Qatar)

ഹൈന്ദവവിഭാഗത്തിൽനിന്ന് വിശ്വാസത്തിൽ വന്ന വ്യക്തിയാണ്. സ്നാന മേറ്റ് 14 വർഷമായി. ജോലിയോ സാമ്പത്തികമോ മറ്റു ഡിമാൻഡുകളോ ഇല്ല

Contact: 94472 80680 (Church elder)

-എംവിഎസ്-

യോനാ (പുസ്തക പഠനം)

26

യോനാ 2:3

നീ എന്നെ സമുദ്രമധ്യേ ആഴത്തിൽ ഇട്ടുകളഞ്ഞു. പ്രവാഹം എന്നെ ചുറ്റി നിന്റെ ഓളങ്ങളും തിരകളുമെല്ലാം എന്റെ മീതെ കടന്നു പോയി.

കപ്പലിലുള്ളവർ യോനായെ സമുദ്രത്തിൽ ഇട്ടുകളഞ്ഞു (1:15). കടലിലേക്ക് ആഴത്തിൽ താണുപോകുന്ന യോനായുടെ ചിത്രമാണ് നാം ഈ വാക്യത്തിൽ കാണുന്നത്. മത്സ്യത്തിന്റെ വയറ്റിൽ വച്ച് യോനാ അതെല്ലാം ഓർത്ത് ദൈവത്തിന് സ്തോത്രം ചെയ്ത് പ്രാർത്ഥിക്കുകയാണ്.

നീ എന്നെ സമുദ്രമധ്യേ ആഴത്തിൽ ഇട്ടുകളഞ്ഞു

സമുദ്രത്തിലേക്ക് ഇട്ടത് കപ്പലിലുള്ളവരാണ്. സ്വന്തം കയ്യിലിരിപ്പ് മോശമായതുകൊണ്ടാണ് അങ്ങനെ സംഭവിച്ചത്. എങ്കിലും മാനസാന്തരപ്പെട്ട യോനാ ഒരു കാര്യം മനസ്സിലാക്കുന്നു – എന്നെ സമുദ്രത്തിൽ ഇട്ടത് ദൈവമാണ്.

ഈ തിരിച്ചറിവ് നല്ലതാണ്. തെറ്റായ വഴിയിലൂടെ നാം സഞ്ചരിക്കുമ്പോൾ, നമ്മുടെ ജീവിതത്തിലുണ്ടാകുന്ന തിരിച്ചടികൾ ദൈവം അനുവദിച്ച് വരുന്നതാണെന്ന തിരിച്ചറിവ് നമുക്ക് ഗുണം ചെയ്യും. നമ്മുടെ ജീവിതത്തിൽ ഉണ്ടാകുന്ന പരാജയങ്ങൾ നമ്മെ തിരുത്തുന്നതിനും നമ്മെ തിരിച്ചുവരുത്തുന്നതിനുമുള്ള ദൈവത്തിന്റെ പദ്ധതികൾ ആകാം. തന്നെ കടലിലേക്ക് വലിച്ചെറിഞ്ഞവരെ യോനാ കുറ്റം പറയുന്നില്ല, പകരം അതിന്റെ പിന്നിൽ പ്രവർത്തിച്ച ദൈവികകരത്തെ തിരിച്ചറിയുന്നു.

നിന്റെ ഓളങ്ങളും തിരകളുമെല്ലാം എന്റെ മീതെ കടന്നുപോയി

സമുദ്രത്തിലെ ഓളങ്ങളുടെയും തിരകളുടെയും മേൽ അധികാരമുള്ളവനാണ് ദൈവം എന്ന കാര്യവും യോനാ അംഗീകരിക്കുന്നു. "നിന്റെ ഓളങ്ങളും തിരകളും" എന്നു പറഞ്ഞിരിക്കുന്നത് അതുകൊണ്ടാണ്. മനുഷ്യനെ പേടിപ്പിക്കുന്നവയാണ് സമുദ്രത്തിലെ തിരകളെങ്കിലും അതിന്റെ മേലും നിയന്ത്രണമുള്ള സർവശക്തനായ ദൈവം നമുക്കുള്ള കാര്യം നാം മറക്കരുത്. നമ്മെ തകർക്കാൻ ദൈവം അവയെ അനുവദിക്കയില്ല.

യോനാ 2:4

നിന്റെ ദൃഷ്ടിയിൽനിന്ന് എനിക്ക് നീക്കം വന്നിരിക്കുന്നു. എങ്കിലും ഞാൻ നിന്റെ വിശുദ്ധമന്ദിരത്തിലേക്ക് നോക്കിക്കൊണ്ടിരിക്കും എന്ന് ഞാൻ പറഞ്ഞു

ഒരിക്കൽ യഹോവയുടെ സന്നിധിയിൽനിന്ന് ഓടിപ്പോയവനാണ് (1:3). ദൈവത്തിന്റെ നോട്ടം തന്റെ മേൽ പതിക്കേണ്ടതില്ല എന്ന് തീരുമാനിച്ചവനാണ്. കപ്പലിന്റെ അടിത്തട്ടിൽ സുഖമായി കിടന്നുറങ്ങുമ്പോൾ ദൈവത്തെക്കുറിച്ച് അവൻ ചിന്തിച്ചതേയില്ല. എന്നാൽ ഇപ്പോൾ മരണത്തെ മുഖാമുഖമായി കണ്ടപ്പോൾ ദൈവത്തെ ഓർക്കുകയാണ്.

ദൈവത്തിന്റെ ദൃഷ്ടിയിൽനിന്ന് ദൈവം തന്നെ നീക്കി എന്ന് യോനാ ചിന്തിക്കുന്നു. എങ്കിലും ദൈവത്തിന്റെ ദയയ്ക്കായി അദ്ദേഹം നോക്കുകയാണ്. തിരമാലകളിൽ പെട്ട് പരിഭ്രമിച്ചുപോയ യോനാ, മരണത്തിന്റെ വാതിൽക്കൽ കിടന്നുകൊണ്ട് അവന്റെ ഏകപ്രത്യാശയായ ദൈവത്തോട് നിലവിളിക്കുന്ന കാഴ്ച മനോഹരം തന്നെ. നാം എത്ര കണ്ട് പിന്മാറിപ്പോയാലും കരഞ്ഞു നിലവിളിച്ചാൽ നമ്മോട് അലിവ് തോന്നി നമ്മെ സന്ദർശിക്കാനും വിടുവിക്കാനും സ്നേഹവാനായ ദൈവം തയ്യാറാണ്.

ഏത് പിന്മാറ്റക്കാരനും തിരിച്ചുവരാം. മാനസാന്തരപ്പെട്ടു വരുന്നവനെ ദൈവം സ്വീകരിക്കും. അവനെ അനുഗ്രഹിക്കും. പിന്മാറിപ്പോയ കാലത്ത് അവൻ ഉണ്ടാക്കിയ പ്രശ്നങ്ങളിൽ നിന്ന് അവനെ വിടുവിക്കും. ഇതറിയാവുന്ന യോനാ ദൈവത്തിങ്കലേക്ക് തന്നെ നോക്കി-സഹായത്തിനായി. സ്നേഹവാനായ ദൈവം അവനെ സഹായിക്കാൻ ഇറങ്ങിവരികയും ചെയ്യും.

ഇവിടെ ഓർക്കേണ്ട മറ്റൊരു കാര്യമുണ്ട്. ദൈവത്തെ വിളിക്കുക എന്നല്ലാതെ മറ്റൊരു പോംവഴി യോനായുടെ മുമ്പിലില്ല. മറ്റൊരു സഹായം അദ്ദേഹത്തിന് കിട്ടാനില്ല. ദൈവം വിടുവിച്ചാൽ മാത്രം വിടുവിക്കപ്പെടും എന്നതാണ് അവസ്ഥ. യോനാ ജ്ഞാനത്തോടെ പെരുമാറി. തന്റെ ജീവൻ അപകടത്തിലായപ്പോൾ, ജീവനുള്ള ദൈവത്തിൽ തന്നെ അദ്ദേഹം ആശ്രയിച്ചു.

യോനാ 2:5

വെള്ളം പ്രാണനോളം എന്നെ വളഞ്ഞു. ആഴി എന്നെ ചുറ്റി, കടൽപ്പുല്ല് എന്റെ തലപ്പാവായിരുന്നു.

യോനാ കടന്നുപോയ പരിതാപകരമായ അവസ്ഥയെ ഇവിടെ വരച്ചുകാണിക്കയാണ്. രക്ഷപ്പെടാൻ യാതൊരു സാധ്യതയുമില്ലാത്തവിധം യോനാ എത്തിച്ചേർന്നിരുന്നു. സമുദ്രത്തിലെ വെള്ളം അവന്റെ പ്രാണനെ എടുക്കാൻ അവനെ വളഞ്ഞു. ആഴി അവനെ ചുറ്റി. മരണം സുനിശ്ചിതം. കടൽപ്പുല്ല്

അവന്റെ തലയിൽ ചുറ്റി. യോനാ തന്റെ നിസ്സഹായാവസ്ഥ വർണ്ണിക്കുകയാണ്. താൻ കടന്നുപോയ ദുരിതമായ സാഹചര്യത്തെ മറക്കാൻ യോനായ്ക്ക് കഴിയില്ല.

എന്തിന് ഇപ്രകാരമുള്ള വർണ്ണന യോനാ നടത്തി? ഏത് അവസ്ഥയിൽനിന്നാണ് ദൈവം തന്നെ കരകയറ്റിയത് എന്ന് മറ്റുള്ളവർ അറിയാൻ അദ്ദേഹം ആഗ്രഹിച്ചു. യാതൊരു പ്രതീക്ഷയുമില്ലാത്ത സാഹചര്യത്തിലും പ്രവർത്തിക്കാൻ കഴിവുള്ളവനാണ് നമ്മുടെ ദൈവം എന്ന് സ്വന്തം അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ അറിയിക്കാൻ യോനാ ആഗ്രഹിക്കുന്നു. അതുകൊണ്ട് ആ ദുരന്തസാഹചര്യങ്ങളെ യോനാ വാക്കുകളാൽ വരച്ചുകാട്ടുകയാണ്.

യോനാ 2:6

ഞാൻ പർവതങ്ങളുടെ അടിവാരങ്ങളോളം ഇറങ്ങി. ഭൂമി തന്റെ ഓടാമ്പലുകളാൽ എന്നെ സദാകാലത്തേക്ക് അടച്ചിരുന്നു. നീയോ, എന്റെ ദൈവമായ യഹോവേ, എന്റെ പ്രാണനെ കുഴിയിൽനിന്ന് കയറ്റിയിരിക്കുന്നു.

തന്റെ വീഴ്ച വലുതായിരുന്നു. കടലിലെ വെള്ളത്തിൽ പൊങ്ങിക്കിടക്കാതെ ആഴങ്ങളിലേക്ക് താണുപോയി. പർവതങ്ങളുടെ അടിവാരങ്ങളോളം ഇറങ്ങി. വെള്ളത്തിൽ വീണ ഒരാൾ ഇങ്ങനെ ഇത്രയും താഴ്ചയിലേക്ക് പോകുമോ? ഇല്ല എന്നാണ് ഇക്കാര്യത്തെക്കുറിച്ച് അറിവുള്ളവർ പറയുന്നത്. പക്ഷേ യോനാ കടലിന്റെ അടിയിലേക്ക് പോയി! തിരകൾ അവനെ തള്ളിമറിച്ച് ആഴങ്ങളിലേക്ക് എത്തിച്ചതാകാം. അവന് ശ്വാസതടസ്സം അനുഭവപ്പെടാതിരിക്കാനുള്ള ദൈവത്തിന്റെ കരുതലിനെക്കുറിച്ചും നാം ആശ്ചര്യത്തോടെ ചിന്തിക്കേണ്ടതുണ്ട്.

ഭൂമി തന്റെ ഓടാമ്പലുകളാൽ യോനായെ സദാകാലത്തേക്കും അടച്ചുവത്രേ! ഇനി രക്ഷപ്പെടാൻ യാതൊരു സാധ്യതയുമില്ലെന്നർത്ഥം. അടച്ചത് സദാകാലത്തേക്കുമാണ്. പക്ഷേ ദൈവം ആ ഓടാമ്പലുകളെ തകർത്ത് തന്റെ ദാസനെ രക്ഷിച്ചു. സമുദ്രത്തിന്റെ കുഴിയിൽനിന്ന് കയറ്റി. ദൈവത്തിനത് കഴിയും; ദൈവത്തിനു മാത്രമേ അത് കഴിയൂ. നാം അകപ്പെട്ടു നിൽക്കുന്ന പ്രശ്നം എത്ര വലുതായാലും, എത്ര സങ്കീർണ്ണമായാലും ദൈവത്തിന് അതിൽനിന്ന് നമ്മെ വിടുവിക്കാൻ കഴിയും.

ഇതുപോലെ, മാനസാന്തരപ്പെടുന്ന തന്റെ ഭക്തന്മാർക്കുവേണ്ടി അത്ഭുതങ്ങൾ പ്രവർത്തിക്കാൻ മനസ്സൊരുക്കമുള്ള സർവശക്തനായ ദൈവം നമ്മുടെ ചാരേ ഉള്ളപ്പോൾ നാമെന്തിനു കരഞ്ഞും നിരാശപ്പെട്ടും ജീവിക്കണം? **(തുടരും)**

കുടുംബജീവിതം: ചില പ്രായോഗിക ചിന്തകൾ

11

-എംവിഎസ്-

ഭാഗം മൂന്ന്: മേശയ്ക്കു ചുറ്റും

(സങ്കീർത്തനങ്ങൾ 128:3)

90ലധികം പ്രായമുള്ള ഒരു പിതാവ് മിക്ക ദിവസവും എന്നെ ഫോണിൽ വിളിക്കുകയും ആത്മികകാര്യങ്ങൾ സംസാരിക്കുകയും ചെയ്യും. വളരെ ഉത്സാഹത്തോടെയാണ് അദ്ദേഹം സംസാരിക്കാറുള്ളത്. അദ്ദേഹത്തിന്റെ ഭാര്യ 89-ാം വയസ്സിൽ മരിച്ചു. കുറച്ചു ദിവസങ്ങൾക്കുശേഷം ഞാൻ ഫോണിൽ വിളിച്ചപ്പോൾ അദ്ദേഹത്തിന്റെ ശബ്ദത്തിൽ വളരെ ദു:ഖമുണ്ടായിരുന്നു. അദ്ദേഹം ഇപ്രകാരം പറഞ്ഞു: "ഏകദേശം 60 വർഷങ്ങൾ ഞങ്ങളൊരുമിച്ചു ജീവിച്ചു. ഞങ്ങൾ തമ്മിൽ പിണങ്ങി അകന്നുകഴിഞ്ഞിട്ടില്ല. ഇപ്പോൾ എനിക്ക് സഹിക്കാൻ കഴിയുന്നില്ല" ഇത്തരം സാക്ഷ്യം പുലർത്തുന്നവരും ക്രൈസ്തവഗോളത്തിലുണ്ട്.

ഇനി എന്റെ കാര്യം പറയാം. ഞാനും ഭാര്യയും 28 വർഷമായി ഒരുമിച്ചു ജീവിക്കുന്നു. വഴക്കുകൂടിയിട്ടുണ്ട്. പക്ഷേ വേർപിരിഞ്ഞിട്ടില്ല. പിണങ്ങി പരസ്പരം മിണ്ടാതെ ഇരുന്നിട്ടുണ്ട്. പക്ഷേ ആർക്കും മദ്ധ്യസ്ഥരായി ഇടപെടേണ്ടി വന്നിട്ടില്ല. ദൈവത്തിനു സ്തോത്രം!

അനുഗ്രഹമായ കുടുംബജീവിതം നയിക്കാൻ ദൈവജനത്തെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ ലേഖനപരമ്പര പ്രസിദ്ധീകരിക്കുന്നത്. കുടുംബജീവിതങ്ങൾ ഭദ്രമായ നിലയിൽ നീങ്ങേണ്ടത് സഭയ്ക്കും സമൂഹത്തിനും അത്യാവശ്യമാണ്.

ഈ ലക്കത്തിൽ സങ്കീർത്തനങ്ങൾ 128:3 ചിന്തിക്കാം.

> **നിന്റെ ഭാര്യ നിന്റെ വീട്ടിന്നകത്ത് ഫലപ്രദമായ മുന്തിരിവള്ളി പോലെയും നിന്റെ മക്കൾ നിന്റെ മേശയ്ക്കു ചുറ്റും ഒലിവുതൈകൾ പോലെയും ഇരിക്കും**

ഒരു വീട്ടിലെ ആളുകൾ മേശയ്ക്കു ചുറ്റും ഇരിക്കുന്ന ചിത്രമാണ് നാം ഇവിടെ കാണുന്നത്. ഒരു മേശയ്ക്കു ചുറ്റും ഇരുന്ന് സംസാരിക്കണം. ഭാര്യ, ഭർത്താവ്, ഒരുമിച്ചിരുന്ന് സംസാരിക്കണം. മക്കളുണ്ടെങ്കിൽ അവരോടു

ചേർന്നിരുന്ന് സംസാരിക്കണം. മക്കളുടെ പ്രശ്നങ്ങൾ മനസ്സിലാക്കണം. അവർക്കുവേണ്ട നിർദ്ദേശങ്ങൾ കൊടുക്കണം. ഇത്തരം തുറന്ന ചർച്ചകൾ നിമിത്തം തെറ്റായ ബന്ധങ്ങളിൽ നമ്മുടെ മക്കൾ എത്തിച്ചേരുന്നത് തടയാനാകും.

പരസ്പരം സംസാരിക്കുന്നവർ വ്യക്തികൾ തമ്മിലുള്ള ബന്ധം ശക്തിപ്പെടും. സംസാരിക്കാതിരുന്നാൽ ബന്ധങ്ങളിൽ അകൽച്ച അനുഭവപ്പെടും. 1 തെസലോനിക്യർ 5:16-18 വായിക്കുക. ഇടവിടാതെ പ്രാർത്ഥിപ്പിൻ... കാരണം? ദൈവവുമായുള്ള ബന്ധം ശക്തമാകാൻ. ഈ അനുഭവമില്ലാത്തവരാണ് പിന്മാറിപ്പോകുന്നത്. ഇതുപോലെ, ഭർത്താവും ഭാര്യയും തമ്മിലുള്ള സംസാരം കുറഞ്ഞാൽ കുടുംബജീവിതം പ്രശ്നത്തിലാകും. അപ്പനും മക്കളും തമ്മിലുള്ള സംസാരം കുറഞ്ഞാലും ഇതു തന്നെ സ്ഥിതി.

ജീവിതം തിരക്കു പിടിച്ചതാകാം. വാട്സാപ് ചാറ്റുകൾ നോക്കേണ്ടതുണ്ട്. ഫെയ്സ്ബുക്ക് നോക്കേണ്ടതുണ്ട്. എല്ലാവരുടെയും വാട്സാപ് സ്റ്റാറ്റസ് നോക്കേണ്ടതുണ്ട്. ആവശ്യമില്ലാതെ സമയം പാഴാക്കുന്നത് എല്ലാവരും ഒഴിവാക്കുക. കുടുംബത്തോടൊപ്പം ചെലവഴിക്കാൻ സമയം കണ്ടെത്തുക. നിർബന്ധമായും അത് ചെയ്യണം.

ഇന്നു ചില കുടുംബങ്ങളിൽ കാണുന്ന കാഴ്ച... ഓരോരുത്തർ ഓരോ മൊബൈലുമായി, ഇയർഫോണും വച്ച് ഓരോ മൂലയ്ക്ക് പോയിരിക്കുന്നു. വീട്ടിലുള്ളവരോട് മിണ്ടാൻ നേരമില്ല. ഭാര്യ ഫെയ്സ്ബുക്കിലൂടെ പരിചയപ്പെട്ട ഒരുത്തന്റെ കൂടെ പോകുന്നു. മകൾ ഇൻസ്റ്റഗ്രാമിലൂടെ പരിചയപ്പെട്ട ഒരുത്തന്റെ കൂടെ പോകുന്നു. ഈ മോശം ബന്ധങ്ങൾ രൂപപ്പെട്ടതും ശക്തിപ്പെട്ടതും മൊബൈലിലൂടെയാണ്.

മേശയ്ക്കു ചുറ്റും ഇരുന്ന് സംസാരിക്കണം. ഓരോരുത്തരും ഉള്ള് തുറന്ന് സംസാരിക്കണം. ഞാൻ ഇത് ഇത്രയും ശക്തമായി മനസ്സിലാക്കുന്നത് ചില വർഷങ്ങൾക്ക് മുമ്പ് മാത്രമാണ്. അന്നു മുതൽ വീട്ടിൽ കർശനമായ നിർദ്ദേശം വച്ചു. പ്രാർത്ഥനയ്ക്കുമുമ്പ് അരമണിക്കൂറെങ്കിലും മൊബൈൽ മാറ്റിവച്ച് മേശയ്ക്കു ചുറ്റും ഇരിക്കണം. ആദ്യത്തെ കുറച്ചുദിവസം ഒന്നുരണ്ടുപേർക്ക് പൊരുത്തപ്പെടാൻ ഒരു വിഷമം തോന്നി. പിന്നെ മക്കൾ തന്നെ പറയും. വാ, മേശയ്ക്കു ചുറ്റും ഇരിക്കാം. അവരുടെ കോളേജിലെ വിശേഷങ്ങൾ, എന്റെ ട്യൂഷൻസെന്ററിലെ വിശേഷങ്ങൾ, അഭിപ്രായങ്ങൾ, തിരുത്തലുകൾ...

ടിവിക്കു ചുറ്റും ഇരിക്കുന്നു. ഓരോ ഗെയിമുകൾ കളിക്കാൻ എല്ലാവരുംകൂടി ഇരിക്കുന്നു. ഇതൊന്നും ഒഴിവാക്കണമെന്നല്ല പറയുന്നത്. പക്ഷേ മേശയ്ക്കു ചുറ്റും ഇരിക്കണം. അത് നമ്മുടെ കുടുംബജീവിതത്തെ ശക്തി

പ്പെടുത്തും. ഒരു സഭയിലെ സഹോദരൻ സഭയിൽ എഴുന്നേറ്റ് നിന്ന് തൊണ്ട യിടറി സാക്ഷ്യം പറഞ്ഞു: ഞാൻ ഇനി ശുശ്രൂഷകളൊന്നും ചെയ്യുന്നില്ല. കാരണം എന്റെ മകൻ ലഹരിയ്ക്ക് അടിമയായി പിടിക്കപ്പെട്ടു. കേട്ടപ്പോൾ അതിശയം തോന്നി. എന്തേ അവരാരും ഇത് നേരത്തേ അറിഞ്ഞില്ല. മേശയ്ക്കു ചുറ്റുമുള്ള ഇരിപ്പ് ഉണ്ടായിരുന്നെങ്കിൽ... കുഞ്ഞുനാൾ തൊട്ടേ അത് വീട്ടിൽ നടപ്പാക്കണം.

അമ്മയും അറിഞ്ഞില്ല. പ്രിയ അമ്മമാരേ, നിങ്ങളുടെ മക്കൾ തെറ്റി പ്പോകുന്നത് ആദ്യം അറിയേണ്ടത് നിങ്ങളാണ്. നിർഭാഗ്യവശാൽ അമ്മയാണ് അത് അവസാനം അറിയുന്നത്! മകന്റെ ലഹരി, മകളുടെ പ്രേമം, തെറ്റായ കൂട്ടുകെട്ടുകൾ ഇതെല്ലാം കുടുംബത്തിലെ അംഗങ്ങൾ അറിയാതെ പോകു ന്നത് എന്തുകൊണ്ട്? എല്ലാ ദിവസവും മേശയ്ക്കു ചുറ്റും ഇരിക്കുക. കുടും ബബന്ധങ്ങൾ ശക്തിപ്പെടുത്തുക. അപ്പോൾ ലഹരിയും പ്രേമവും എല്ലാം താനേ ഒഴിവാകും.

ഭാര്യയുമായി സംസാരിക്കാൻ ഭർത്താവിന് സമയമില്ല. പക്ഷേ വേറൊ രാൾക്ക് സംസാരിക്കാൻ സമയമുണ്ട്. കുറച്ചുകഴിഞ്ഞാൽ കേൾക്കാം, ഭാര്യ ഓടിപ്പോയെന്ന്. മക്കളുടെ സ്ഥിതിയും ഇതുതന്നെ. ആരുമായാണോ നാം കൂടുതൽ ആശയവിനിമയം നടത്തുന്നത്, ആ ആളുമായി നാം മാനസിക മായി അടുക്കും. ആ ആളെ നാം വിശ്വസിക്കും. ആ ആൾക്കുവേണ്ടി നഷ്ടം സഹിക്കാൻ നാം തയ്യാറാകും. കുടുംബത്തിന്നകത്തുള്ളവരുടെ ആശയവി നിമയം തകരാറിലാകുമ്പോൾ പുറമെനിന്നുള്ളവർ കുടുംബത്തിലുള്ളവ രുടെ മനസ്സിലേക്ക് നുഴഞ്ഞുകയറുന്നു; അത് കുടുംബത്തിന്റെ തകർച്ചയ്ക്ക് കാരണമാകുന്നു.

പെൺമക്കൾ വഴിപിഴച്ചുപോയതിന്റെ പേരിൽ ശുശ്രൂഷ നിർത്തിയ വർ, ആൺമക്കൾ വഴിതെറ്റിപ്പോയതിന്റെ പേരിൽ ശുശ്രൂഷയിൽനിന്ന് മാറി നിന്നവർ, ഭാര്യയുടെ ദുർന്നടപ്പ് നിമിത്തം ഇനി ശുശ്രൂഷകൾ വേണ്ട എന്നു തീരുമാനമെടുത്തവർ, ഭർത്താവ് ശുശ്രൂഷിക്കുകയാണെങ്കിൽ ഞാൻ സഭ യിൽ വരില്ല എന്നു പറഞ്ഞ ഭാര്യമാർ.... പരസ്പരമുള്ള ആശയവിനിമയം നല്ല രീതിയിൽ ഉണ്ടായിരുന്നുവെങ്കിൽ ഈ ദുരന്തങ്ങൾ ഒരു പരിധി വരെ ഇല്ലാതാക്കുവാൻ കഴിയുമായിരുന്നില്ലേ?

ശ്രദ്ധിക്കാൻ ആളുണ്ടെങ്കിൽ നാം നന്നാകും. നമ്മുടെ മക്കൾ നന്നാ കും. കൂട്ടുകാരോടുകൂടി സമയം ചെലവിടുന്നുണ്ടെങ്കിൽ അത് വെട്ടിക്കുറ ക്കുകയോ ഒഴിവാക്കുകയോ ചെയ്യുക. കുടുംബത്തോടൊപ്പം സമയം ചെല വഴിക്കുക. ശത്രുവിനെതിരെ പ്രയോഗിക്കാനുള്ള ആയുധങ്ങളാണ് യൗവന ത്തിലെ മക്കൾ (സങ്കീർത്തനങ്ങൾ 127: 4,5). യൗവനത്തിലെ മക്കൾ എന്നു പറയുമ്പോൾ ഇവിടെ മാതാപിതാക്കളുടെ യൗവനമാണ് ഉദ്ദേശിച്ചിരിക്കു

ന്നത്. യുവാക്കളായ മക്കൾ എന്നല്ല, യുവാക്കളായ മാതാപിതാക്കളുടെ മക്കൾ എന്നാണർത്ഥം.

അങ്ങനെയുള്ള മക്കൾ കുഞ്ഞുകുട്ടികളായിരിക്കും. അവരാണ് ശത്രുവിനെതിരെയുള്ള ആയുധങ്ങൾ. നാം യൗവനത്തിൽ ഇരിക്കുമ്പോൾ നമുക്ക് ജനിച്ച മക്കൾക്ക് നമ്മുടെ കൂടെ കുറെ കാലം കഴിയാനുള്ള അവസരമുണ്ട്. അത്രയും സമയം ഈ ആയുധങ്ങളുടെ മൂർച്ച കൂട്ടാൻ നമുക്ക് കഴിയും. ഉപദേശങ്ങളിലൂടെ, തിരുത്തലുകളിലൂടെ, ശിക്ഷകളിലൂടെ, പ്രാർത്ഥിച്ച്... കുഞ്ഞുനാൾ മുതലേ അവരെ അച്ചടക്കം പഠിപ്പിക്കണം. ചിലർ അഞ്ചുവയസ്സ് തികയട്ടെ എന്നും മറ്റു ചിലർ പത്ത് വയസ്സ് തികയട്ടെ എന്നും വേറെ ചിലർ പത്താംക്ലാസ് കഴിയട്ടെ, എന്നിട്ടവനെ തിരുത്താം എന്നു ചിന്തിക്കുന്നവരുണ്ട്.

1 പത്രോസ് 5:8. നമ്മുടെ ശത്രു പിശാചാണ്. ആ ശത്രുവിനെതിരെയുള്ള ആയുധങ്ങളാണ് നമ്മുടെ മക്കൾ. പലപ്പോഴും നമ്മുടെ മക്കൾ നമ്മുടെ ശത്രുവിന്റെ കയ്യിലെ ആയുധങ്ങളായി മാറുന്നു. നമ്മുടെ ആയുധങ്ങളെ അവൻ മോഷ്ടിച്ച് നമുക്കെതിരെ ഉപയോഗിക്കുന്നു. നമ്മുടെ ശ്രദ്ധക്കുറവാണ് കാരണം. മേശയ്ക്കു ചുറ്റും നാം ഇരിക്കണം. നമ്മുടെ മക്കളെ നാം ഭക്തിയിൽ വളർത്തണം. എങ്കിൽ നാം ഈ ഭൂമിയിൽനിന്നും മാറ്റപ്പെടുമ്പോൾ നമ്മുടെ മക്കൾ ഇവിടെ പിശാചിനെതിരെ ഉണ്ടാകും. ഉണ്ടാകണം.

നമ്മുടെ ആയുധം ശത്രു കൈവശപ്പെടുത്താൻ അനുവദിക്കരുത്. "സാത്താൻ നിന്റെ ഹൃദയം കൈവശമാക്കിയതെന്ത്?" (അപ്പൊ.പ്രവൃ.5:3) നമ്മുടെ മക്കളുടെ ഹൃദയം സാത്താൻ കൈവശമാക്കരുത്. നാം എപ്പോഴും അവരെ ശ്രദ്ധിക്കണം. അവരോട് സംസാരിക്കണം. അവരെ ഉപദേശിക്കണം. അവർക്കുവേണ്ടി പ്രാർത്ഥിക്കണം. നമ്മുടെ ആയുധങ്ങളാണ് നമ്മുടെ മക്കൾ; അപ്പോൾ നാം പോരാളികളാണ്. പോരാളികൾ ആയുധമെടുത്ത് പരിശീലിക്കണം. ആയുധങ്ങളുടെ മൂർച്ച കൂട്ടണം. ആയുധങ്ങളെ ഇഷ്ടപ്പെടണം. ആ ആയുധം ശത്രുവിനെതിരെ പ്രയോഗിക്കണം.

ചില അമ്മമാർ മക്കളെ അപ്പനെതിരെ ആയുധമാക്കും. ചിലർ അയൽക്കാർക്കെതിരെ മക്കളെ ആയുധമാക്കും. ഇതെല്ലാം തെറ്റാണ്. യഥാർത്ഥ ശത്രുവിനെ നാം തിരിച്ചറിയണം. ആ ശത്രുവിനെതിരെ ആയുധം ഉപയോഗിക്കണം. മക്കൾ ചെറുപ്രായത്തിൽ കാണിക്കുന്ന തെറ്റുകളെ തമാശയായി കാണരുത്. അവരെ നന്നായി വളർത്തണം. മേശയ്ക്കു ചുറ്റും ഇരിക്കുക എന്നു പറഞ്ഞാൽ ഒരുമിച്ചിരുന്ന് ഭക്ഷണം കഴിക്കുക, ഒരുമിച്ചിരുന്ന് ആശയവിനിമയം നടത്തുക എന്നെല്ലാമുള്ള ആശയങ്ങൾ അതിലുണ്ട്. ഒരുമിച്ചിരിക്കുന്നത് ബന്ധങ്ങളെ ശക്തിപ്പെടുത്തും.

(തുടരും)

44 ചോദ്യവും ഉത്തരവും

-എംവിഎസ്-

? *കണ്ണേറ് (കരിങ്കണ്ണ്, ദൃഷ്ടിദോഷം) നമുക്ക് ദോഷം വരുത്തുമോ? വിടക്ക്കണ്ണിനെപ്പറ്റി ബൈബിളിൽ പറയുന്നുണ്ടല്ലോ. കൂടോത്രം ഫലിക്കുമോ?*

മറുപടി:

(1) എന്താണ് കണ്ണേറ്?

കരിങ്കണ്ണ്, ദൃഷ്ടിദോഷം, കരിനാക്ക് എന്നീ പേരുകളിൽ അറിയപ്പെടുന്ന ഒരു വിശ്വാസമാണിത്. (അതോ അന്ധവിശ്വാസമോ?) ഒരാളുടെ നോട്ടം മൂലം (വാക്ക് മൂലം) മറ്റൊരാൾക്ക് ദോഷം സംഭവിക്കും എന്ന ചിന്താഗതിയാണിത്. ഒരാളുടെ സന്തോഷത്തിലോ സൗന്ദര്യത്തിലോ മറ്റൊരാൾ കണ്ണ് വച്ചാൽ അതോടുകൂടി അതെല്ലാം നഷ്ടപ്പെടും എന്ന് ഇക്കൂട്ടർ ചിന്തിക്കുന്നു.

ചിലർ വീട് പണിയുമ്പോൾ ആ വീടിന് കണ്ണ് പറ്റാതിരിക്കാനായി വീടിന്റെ മുമ്പിൽ ചില വികൃതരൂപം വയ്ക്കുന്നു. ചിലർ കയ്യിലോ കാലിലോ കറുത്ത ചരടോ വെളുത്ത ചരടോ കെട്ടുന്നു. കൈക്കുഞ്ഞുങ്ങളുടെ കവിളിൽ കറുത്ത പൊട്ട് കുത്തുന്നവരുമുണ്ട്.

(2) കണ്ണേറിനെക്കുറിച്ച് ബൈബിൾ എന്ത് പറയുന്നു?

ബൈബിൾ ഇത് സംബന്ധിച്ച് യാതൊന്നും പറയുന്നില്ല. ഇല്ലാത്ത ഒരു കാര്യത്തെപ്പറ്റി നിർദ്ദേശം പറയേണ്ട കാര്യം ദൈവത്തിനില്ലല്ലോ. കരിങ്കണ്ണന്മാർ ഉള്ളതായി വചനം പറയുന്നില്ല. ഏതെങ്കിലും ഒരു വീടോ വൃക്ഷമോ കണ്ട് മറ്റൊരാൾ 'ഹായ്' എന്നു പറഞ്ഞാൽ ആ വീട് തകർന്നുവീഴുകയോ വൃക്ഷം കരിഞ്ഞുപോവുകയോ ചെയ്യുമെന്ന അന്ധവിശ്വാസത്തെ ബൈബിൾ പിന്താങ്ങുന്നില്ല. ഒരു വ്യക്തിയുടെ സൗന്ദര്യത്തിന്മേൽ കണ്ണുവച്ച് അതില്ലാതാക്കാൻ മറ്റൊരാൾക്ക് കഴിയില്ല.

(3) വിടക്ക്കണ്ണ് എന്ന് ബൈബിളിൽ കാണുന്നത് ദൃഷ്ടിദോഷത്തെക്കുറിച്ചാണോ?

അല്ല.

വിടക്ക് കണ്ണ് (evil eye) എന്നതിന് *പൊനെറോസ് ഒഫ്താൽമോസ് (poneros ophthalmos)* എന്നാണ് ഗ്രീക്കിൽ ഉപയോഗിച്ചിരിക്കുന്നത്. ഈ

വാക്കുകൾ വരുന്ന മൂന്നു വാക്യങ്ങൾ മാത്രമാണ് പുതിയനിയമത്തിലുള്ളത്.

മത്തായി 6:23 "കണ്ണ് കേടുള്ളതെങ്കിലോ *(പൊനെറോസ് ഒഫ്താൽമോസ്)* നിന്റെ ശരീരം മുഴുവൻ ഇരുണ്ടതായിരിക്കും"

മത്തായി 6:19-24 വരെയുള്ള വാക്യങ്ങളിൽ പണത്തോടുള്ള തെറ്റായ സമീപനത്തെക്കുറിച്ചാണ് പറഞ്ഞിരിക്കുന്നത്. അവന്റെ കേടുള്ള കണ്ണ് (evil eye) കൊണ്ട് അവനു മാത്രമാണ് ദോഷം. പണത്തെ തെറ്റായ രീതിയിൽ നോക്കിക്കാണുന്നതാണ് ഇവിടെ ഉദ്ദേശിക്കുന്നത്.

മത്തായി 20:15 "ഞാൻ നല്ലവൻ ആകകൊണ്ട് നിന്റെ കണ്ണ് കടിക്കുന്നുവോ? *(പൊനെറോസ് ഒഫ്താൽമോസ്)*"

ഇവിടെ പറയുന്നത് അസൂയയെക്കുറിച്ചാണ്.

മർക്കൊസ് 7:22 "മനുഷ്യരുടെ ഹൃദയത്തിൽനിന്നു തന്നെ ദുശ്ചിന്ത, വ്യഭിചാരം, പരസംഗം, കൊലപാതകം, മോഷണം, അത്യാഗ്രഹം, ദുഷ്ടത, ചതി, ദുഷ്കർമ്മം, വിടക്കണ്ണ് *(പൊനെറോസ് ഒഫ്താൽമോസ്)*... എന്നിവ പുറപ്പെടുന്നു. ഈ ദോഷങ്ങൾ... മനുഷ്യനെ അശുദ്ധനാക്കുന്നു"

വിടക്ക് കണ്ണ് (evil eye) ഓരോരുത്തരുടെയും ഹൃദയത്തിൽനിന്ന് വരുന്നതാണെന്നും അത് ഏതൊരു വ്യക്തിയുടെ ഹൃദയത്തിൽനിന്നാണോ പുറപ്പെടുന്നത് ആ വ്യക്തിക്ക് ദോഷം വരുത്തുന്നുവെന്നും ആണ് ഇവിടെ പറഞ്ഞിരിക്കുന്നത്. നമ്മെ അശുദ്ധമാക്കുന്ന തരത്തിലുള്ള നമ്മുടെത്തന്നെ നോട്ടത്തെയാണ് ഈ വാക്യത്തിൽ പറഞ്ഞിരിക്കുന്നത്.

ചുരുക്കത്തിൽ,

വിടക്കുകണ്ണ് എന്നു പറഞ്ഞാൽ നമ്മുടെ തെറ്റായ നോട്ടമാണ്. പണത്തെ തെറ്റായ നിലയിൽ നോക്കുന്നത്, അതായത് അത്യാഗ്രഹം (മത്തായി 6:23), മറ്റുള്ളവർക്ക് ലഭിക്കുന്ന നന്മകളെ തെറ്റായ നിലയിൽ നോക്കുന്നത്, അതായത് അസൂയ (മത്തായി 20:15), നമ്മെ അശുദ്ധമാക്കുന്ന നോട്ടങ്ങൾ (മദ്യമോ, സ്ത്രീയോ ആകാം) (മർക്കൊസ് 7:22) എന്നിവയെല്ലാം ഇതിൽ ഉൾപ്പെടുന്നു.

ഇതും കണ്ണേറും തമ്മിൽ യാതൊരു ബന്ധവുമില്ല. കണ്ണേറുകൊണ്ട് മറ്റൊരാൾക്ക് ദോഷം വരുത്തുന്നു എന്നാണ് (അന്ധ)വിശ്വാസം. എന്നാൽ വിടക്കുകണ്ണുകൊണ്ട് അവനവന് തന്നെയാണ് ദോഷം. മറ്റൊരാൾ അസൂയയോടെ നമ്മുടെ നേരെ നോക്കിയാൽ നമുക്ക് യാതൊരു ദോഷവും സംഭവിക്കുകയില്ല. കണ്ണേറിനെ ഭയന്ന് നാം ഒന്നും ചെയ്യേണ്ടതില്ല.

എന്താണ് കൂടോത്രം?

ഒരുവനെ നശിപ്പിക്കാനും അവന്റെ വരുമാനമാർഗ്ഗത്തെ തകർക്കാനു മായി മന്ത്രവാദമോ മറ്റു ആഭിചാരക്രിയകളോ നടത്തുന്നതാണ് കൂടോത്രം. അസ്ഥിക്ഷണങ്ങൾ, തകിടുകൾ, കോഴിത്തല തുടങ്ങിയവയിൽ മന്ത്രങ്ങൾ ആവാഹിച്ച് ഒരാളുടെ വീട്ടുപറമ്പിലോ വഴിയിലോ കുഴിച്ചിടുന്ന പരിപാടി യാണിത്.

കൂടോത്രത്തെക്കുറിച്ച് ബൈബിൾ എന്ത് പറയുന്നു?

കൂടോത്രം പോലുള്ള കാര്യങ്ങൾ ദൈവജനം ചെയ്യരുതെന്ന് ബൈബിൾ പറയുന്നുണ്ട്. (ആവർത്തനം 18:10-12; ഗലാത്യർ 5:19-21). മന്ത്രവാദത്തിന്റെ താരതമ്യേന ചെറിയ രൂപമാണത്രേ കൂടോത്രം. മന്ത്രവാദം വിശാലമായ രീതിയിൽ ചെയ്യുന്നതും കൂടോത്രം ഒരാൾക്ക് നേരെയോ ഒരു കുടുംബത്തിനു നേരെയോ ചെയ്യുന്നതാണെന്നുമാണ് പറയപ്പെടുന്നത്. മന്ത്രവാദത്താൽ പലരും പലതും ചെയ്തതായി വചനത്തിൽ കാണാം. ഏൻ-ദോരിലെ വെളി ച്ചപ്പാടത്തി ശൗലിന്റെ ആഗ്രഹപ്രകാരം ശമുവേലിനെ വരുത്തിയതായി 1 ശമുവേൽ 28 ൽ ഉണ്ട്. മിസ്രയീമിലെ മന്ത്രവാദികളും പല കാര്യങ്ങളും ചെയ്തു എന്ന് പുറപ്പാട് പുസ്തകത്തിൽ കാണുന്നു.

കൂടോത്രം ഫലിക്കുമോ?

കൂടോത്രം ഫലിക്കുമെന്നതിന് യാതൊരു തെളിവും വചനത്തിലില്ല. കൂടോത്രം കൊണ്ട് ആരെങ്കിലും നശിച്ചുപോയതായി വചനത്തിലില്ല. ബൈബിളിൽ കാണുന്ന മന്ത്രവാദികൾ പല കാര്യങ്ങളും ചെയ്തിട്ടുണ്ടെ ങ്കിലും ഏതെങ്കിലും വ്യക്തിയെയോ കുടുംബത്തെയോ നശിപ്പിക്കാൻ എന്തെ ങ്കിലും ചെയ്തതായോ അത് ഫലിച്ചതായോ ഇല്ല. സകലതിന്റെ മേലും അധികാരമുള്ളവനാണ് ദൈവം. സർവശക്തനായ ദൈവം അനുവദിക്കാതെ ഒരുവന്റെ ജീവിതത്തിൽ നന്മയായാലും തിന്മയായാലും കടന്നുവരികയില്ല.

കൂടോത്രത്തെ ആരും പേടിക്കേണ്ടതില്ല. ആദ്യം നമ്മുടെ ഭയത്തെ അക റ്റുക. നമ്മുടെ ഭയമാണ് പല പ്രശ്നങ്ങൾക്കും കാരണമാകുന്നത്. നിങ്ങ ളുടെ ബന്ധു നിങ്ങൾക്കെതിരെ കൂടോത്രം ചെയ്തിട്ടുണ്ട് എന്നു പറഞ്ഞ് നിങ്ങളെയും ബന്ധുക്കളെയും തമ്മിൽ തെറ്റിക്കുന്ന ചില (കള്ള)പ്രവാചക ന്മാരുണ്ട്. അവരുടെ വാക്ക് കേട്ട് പതറേണ്ടതില്ല. നാം ഭയപ്പേടേണ്ടത് ദൈവ ത്തെയാണ്. നാം വിശ്വസിക്കേണ്ടത് ദൈവവചനമാണ്.

ശാപം മുറിക്കൽ ശുശ്രൂഷ നടത്തുന്ന ചിലരുണ്ട്. വചനത്തിൽ കാണാത്ത ഇത്തരം ശുശ്രൂഷകൾ നടത്തുന്നവരെ നിരോധിക്കാൻ ദൈവസഭയിലെ ശുശ്രൂഷകന്മാർ തയ്യാറാവണം.

കൊച്ചുണ്ണ്യിയുടെ ബൈബിൾവായന

എംവിഎസ്

32

അതിഥിയെ സ്വീകരിച്ചത് മരച്ചുവട്ടിൽ ?

ബൈബിൾ വായിച്ചതിനുശേഷം കൊച്ചുണ്ണിബ്രദർ പതിവുപോലെ കലിപ്പിലായി. മൂപ്പന്റെയും ഇട്ടിയപ്പച്ചന്റെയും അടുത്തേക്ക് കൊടുങ്കാറ്റുപോലെ കൊച്ചുണ്ണിബ്രദർ ചെന്നു.

കൊച്ചുണ്ണിബ്രദറിന്റെ വരവ് കണ്ട് ഇട്ടിയപ്പച്ചൻ മൂപ്പനോട് പതുക്കെ പറഞ്ഞു: ''മൂപ്പാ, നമ്മുടെ കക്ഷി മിന്നൽപോലെ വരുന്നുണ്ട്. ഇന്ന് എന്താണാവോ ആശാന്റെ സംശയം''

കൊച്ചുണ്ണിബ്രദർ വന്നയുടനെ കാര്യം പറഞ്ഞുതുടങ്ങി: ''അബ്രാഹാമിന്റെ ഒരു പ്രവൃത്തി എനിക്ക് ഒട്ടും ഇഷ്ടപ്പെട്ടില്ല.''

അപ്പോഴേക്കും ഇട്ടിയപ്പച്ചൻ: ''ഹാവൂ, ഒരു പ്രവൃത്തിയല്ലേ നിനക്ക് ഇഷ്ടപ്പെടാതെ പോയുള്ളൂ. ഭാഗ്യം.''

കൊച്ചുണ്ണിബ്രദറിന് ആ കമന്റ് ഇഷ്ടപ്പെട്ടില്ല: ''ന്റെ ഇട്ടിയപ്പച്ചാ, ഈ ഇടയ്ക്ക് കേറി ചൊറിയുന്ന സ്വഭാവം ഒന്നു നിർത്തോ''

''ശരി, ശരി, ഞാൻ ചൊറിയാനും മാന്താനുമൊന്നും വരുന്നില്ല. നിയ്യ് പറഞ്ഞോ കൊച്ചുണ്ണ്യേ'' ഇതും പറഞ്ഞ് ഇട്ടിയപ്പച്ചൻ കുലുങ്ങിച്ചിരിച്ചു. മൂപ്പനെ നോക്കി കണ്ണിറുക്കി കാണിക്കുകയും ചെയ്തു.

കൊച്ചുണ്ണിബ്രദർ പറഞ്ഞു: ''ഉല്പത്തി 18:5 ൽ, അബ്രാഹാമിന്റെ വീട്ടിലേക്ക് വന്ന അതിഥികളോട് വൃക്ഷത്തിന്റെ ചുവട്ടിൽ ഇരിക്കാനാണ് അദ്ദേഹം പറഞ്ഞത്. ഭക്ഷണം കൊടുത്തതും അവിടെവെച്ചാണ്. എന്ത് മര്യാദകേടാണ് അബ്രാഹാം കാണിച്ചത്? അതിഥികളെ വീടിന്റെ അകത്ത് സത്കരിക്കാതെ പറമ്പിലെ മരച്ചുവട്ടിൽ ഇരുത്തിയാണോ ഭക്ഷണം കൊടുക്കേണ്ടത്?''

ഇതുകേട്ടപ്പോൾ ഇട്ടിയപ്പച്ചൻ അമ്പരപ്പോടെ മൂപ്പനെ നോക്കി. കൊച്ചുണ്ണിബ്രദർ ഇത്തവണ ഗൗരവമായ കാര്യമാണ് പറയുന്നതെന്ന് ഇട്ടിയപ്പച്ചന് തോന്നി.

ഇട്ടിയപ്പച്ചന്റെ മുഖഭാവം കണ്ട കൊച്ചുണ്ണിബ്രദർ ആവേശത്തോടെ തുടർന്നു: ''ഉല്പത്തി 19 ൽ ലോത്ത് വീടിന്റെ അകത്താണ് അതിഥികളെ സ്വീകരിച്ചത്. ലോത്ത് കാണിച്ചത് മാതൃകയാണ്. പക്ഷേ അബ്രാഹാം ചെയ്തത് മര്യാദയല്ല.''

ഇട്ടിയപ്പച്ചൻ മുണ്ടിന്റെ തല കൊണ്ട് മുഖത്തെ വിയർപ്പ് ഒപ്പിയെടുത്തു. എന്നിട്ട് വളരെ ആകാംക്ഷയോടെ മൂപ്പനെ നോക്കി. മൂപ്പൻ മറുപടി പറയാൻ തുടങ്ങി.

''കൊച്ചുണ്ണിബ്രദറേ...'' മൂപ്പൻ വിളിച്ചു. "അബ്രാഹാം അതിഥികളെ സ്വീകരിച്ചത് പകൽ സമയത്താണ്. വെയിലുറച്ചപ്പോൾ എന്ന് 18:1 ൽ പറഞ്ഞിട്ടുണ്ട്. in the heat of the day എന്നാണ് ഇംഗ്ലീഷ് ബൈബിളിൽ. പകൽ ചൂടിൽ എന്ന് മലയാളത്തിൽ പറയാം."

"അതിഥികൾ വന്നത് പകലിൽ വളരെ ചൂടുള്ള സമയത്തായതുകൊണ്ട് അബ്രാഹാം അവരെ നല്ല തണലുള്ളിടത്ത് സ്വീകരിച്ചിരുത്തി സത്കരിച്ചു."

"തങ്ങളെ വൃക്ഷച്ചുവട്ടിൽ ഇരുത്തിയത് അതിഥികൾക്ക് ഒരു പോരായ്മയായി തോന്നിയില്ല എന്ന കാര്യം നാം ശ്രദ്ധിക്കണം. അവർ അബ്രാഹാമിനെയും കുടുംബത്തെയും അനുഗ്രഹിക്കയാണ് ചെയ്തത്"

അപ്പോഴേക്കും ഇട്ടിയപ്പച്ചൻ ഇടപെട്ടു:" അതേയ്, കൊച്ചുണ്ണ്യേ, അതിഥികൾക്ക് പരാതിയില്ല. വന്ന മൂന്നു അതിഥികളിൽ ഒരാൾ ദൈവവും മറ്റേ രണ്ടാളുകൾ ദൂതന്മാരും ആയിരുന്നു. അല്ലേ മൂപ്പാ?"

"അതേ. ദൈവവും ദൈവദൂതന്മാരും മനുഷ്യവേഷത്തിൽ വന്ന ഒരു സന്ദർഭമാണത്" മൂപ്പൻ ഇട്ടിയപ്പച്ചൻ പറഞ്ഞതിനെ ശരിവച്ചു.

"അപ്പോൾ കൊച്ചുണ്ണ്യേ..." ഇട്ടിയപ്പച്ചൻ വീണ്ടും കൊച്ചുണ്ണിബ്രദറിനോട് പറഞ്ഞു: "ദൈവത്തിനും ദൂതന്മാർക്കും പരാതിയില്ലെങ്കിൽ പിന്നെ എന്തിനാണ് കൊച്ചുണ്ണിക്ക് പരിഭവം... പരവേശം... പരിഭ്രമം... പരിഭ്രാന്തി... പരിതാപം..."

ഇട്ടിയപ്പച്ചന്റെ പറച്ചിൽ കേട്ട് കൊച്ചുണ്ണിബ്രദറിന് ദേഷ്യം വന്നു. "ഒന്നും നിർത്ത്യേ ഇട്ടിയപ്പച്ചാ... ഇട്ടിയപ്പച്ചന് പ്രാസം ഒപ്പിച്ച് വാക്കുകൾ പറയാനുള്ള കഴിവുണ്ട്. സമ്മതിച്ചു. പക്ഷേ ആ പ്രാസം കേൾക്കാനല്ല ഞാനിവിടെ വന്നത്."

"നെന്റെ സംശയത്തിന് മൂപ്പൻ വ്യത്തിയായി മറുപടി പറഞ്ഞില്ലേ, കൊച്ചുണ്ണ്യേ? പിന്നെന്താ നെന്റെ പ്രശ്നം?"

"ഞാൻ പറയാം..." കൊച്ചുണ്ണിബ്രദർ പറഞ്ഞു "...ലോത്ത് അതിഥികളെ വീട്ടിലാണല്ലോ സ്വീകരിച്ചിരുത്തിയത്? എന്താ ലോത്തിന് വീടിന്റെ അരികെ മരങ്ങളൊന്നും ഉണ്ടായിരുന്നില്ലേ?"

കൊച്ചുണ്ണിയുടെ ഈ ചോദ്യത്തിനു മുന്നിൽ ഇട്ടിയപ്പച്ചൻ പകച്ചു പോയി.

പക്ഷേ മൂപ്പൻ മറുപടി പറഞ്ഞു: "കൊച്ചുണ്ണിബ്രദറേ, അതിഥികൾ അബ്രാഹാമിന്റെ അടുത്ത് ചെന്നത് പകലാണ്. എന്നാൽ ലോത്തിന്റെ അടുത്ത് ചെന്നത് വൈകുന്നേരത്തായിരുന്നു എന്ന് ഉല്പത്തി 19:1 ൽ കാണാം"

"വെയിലത്തുവന്ന അതിഥികളെ അബ്രാഹാം തണലത്തിരുത്തി; വൈകുന്നേരത്ത് വന്ന അതിഥികളെ ലോത്ത് വീടിന്നകത്തും ഇരുത്തി. ഇതിൽ എന്ത് വൈരുദ്ധ്യമാണുള്ളത്?"

മൂപ്പൻ പറഞ്ഞുനിർത്തി. കൊച്ചുണ്ണിബ്രദറിന് ഒരു തൃപ്തിക്കുറവ്... അതുകണ്ട് ഇട്ടിയപ്പച്ചൻ ചിരിച്ചു.


പറയൂ
വീടെവിടാ?
ചാലക്കുടി
പക്ഷേ ദൈവം എന്നെ കാണിക്കുന്നത് 'പ' എന്ന അക്ഷരമാണല്ലോ
ഞങ്ങൾ മുമ്പ് താമസിച്ചിരുന്നത് പത്തനംതിട്ടയിൽ ആയിരുന്നു
പ്രെയ്സ്‌ലോഡ്
കർത്താവേ നീ എത്ര വലിയവൻ... അടിയന് നീ അത് വെളിപ്പെടുത്തിയല്ലോ
പിന്നീട് ഞങ്ങൾ പന്നിത്തടം എന്ന സ്ഥലത്ത് താമസിച്ചു
ദേ അടുത്തത്... ഇവറ്റകളെല്ലാം കൂടി ദൈവത്തെ നാണംകെടുത്തുകയാണല്ലോ
പിന്നീട് ഞങ്ങൾ പട്ടിക്കാട് എന്ന സ്ഥലം...
പ്രെയ്സ്‌ലോഡ് ഗ്ലോറി... രക്തം ജയം..
ദൈവത്തിന് 'പ' എന്ന അക്ഷരം മാത്രമേ വെളിപ്പെടുത്താനറിയുള്ളോ? മുഴുവൻ പേരും അറിഞ്ഞുകൂടേ?
MVS

ആനുകാലികം

-എംവിഎസ്-

കേന്ദ്രസർക്കാർ നടപടി സ്വീകരിച്ചില്ലെങ്കിൽ സുപ്രീംകോടതി ഇടപെടും

കുട്ടികളുടെ സോഷ്യൽമീഡിയ ഉപയോഗം സംബന്ധിച്ച്

പ്രായപൂർത്തിയാകാത്ത കുട്ടികളുടെ സോഷ്യൽമീഡിയ ഉപയോഗത്തിൽ ആശങ്ക രേഖപ്പെടുത്തി സുപ്രീംകോടതി. കേന്ദ്രസർക്കാർ ഈ വിഷയത്തിൽ കൃത്യമായ ഇടപെടൽ നടത്തിയില്ലെങ്കിൽ ഇൻഫർമേഷൻ ടെക്നോളജി ആക്റ്റ് പ്രകാരം കർശനനിർദ്ദേശങ്ങൾ പുറപ്പെടുവിക്കാൻ നിർബന്ധിതരാകുമെന്ന് കോടതി വ്യക്തമാക്കി.

15 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് സോഷ്യൽമീഡിയായിൽ അക്കൗണ്ട് തുടങ്ങാൻ പ്ലാറ്റുഫോമുകൾ അനുമതി നൽകുന്നതിനെ കോടതി വിമർശിച്ചു. കുറഞ്ഞ പ്രായപരിധിയായ 18 വയസ്സ് ലംഘിക്കപ്പെടുന്നില്ലെന്ന് സോഷ്യൽമീഡിയാ പ്ലാറ്റുഫോമുകൾ ഉറപ്പാക്കണമെന്ന് കോടതി നിർദ്ദേശിച്ചു. കേന്ദ്രസർക്കാർ ആവശ്യമായ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കണമെന്നും പ്ലാറ്റുഫോമുകൾ ഇന്ത്യൻ നിയമങ്ങൾ നിർബന്ധമായും പാലിക്കണമെന്നും കോടതി ആവശ്യപ്പെട്ടു.

കുട്ടികൾക്ക് സോഷ്യൽമീഡിയാ അക്കൗണ്ട് തുടങ്ങാൻ മാതാപിതാക്കളുടെ സമ്മതം നിർബന്ധമാക്കുന്ന രീതിയിൽ മറ്റു നിയമങ്ങളിലൂടെ സുരക്ഷാസംവിധാനം നടപ്പിലാക്കാമെന്ന് സോളിസിറ്റർ ജനറൽ സമ്മതിച്ചു. പ്രായപൂർത്തിയാകാത്തവർ സോഷ്യൽമീഡിയ കമ്പനികളുമായി ഉണ്ടാക്കുന്ന കരാറുകൾ നിയമപരമായി നിലനിൽക്കുന്നതല്ലെന്നും സോഷ്യൽമീഡിയകളെ നിയന്ത്രിക്കേണ്ടതുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. *(2026 സെപ്റ്റംബർ 28 ലെ വാർത്ത)*

കുട്ടികൾ ഫെയ്സ്ബുക്കിലും ഇൻസ്റ്റഗ്രാമിലും സജീവമാകുന്നത് നിമിത്തം അവരുടെ മനോനില തകരാറിലാകുന്നതായും അവർ ധാർമ്മികമായി അധഃപതിക്കുന്നതായും കണ്ടുവരുന്നു. പഠനത്തിൽ അവർ പുറകോട്ടുപോകുന്നതായും ലൈംഗികതയുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങളിൽ അവർ മുന്നോട്ടുപോകുന്നതായും ആനുകാലിക സംഭവങ്ങൾ തെളിയിക്കുന്നു. സുപ്രീംകോടതിക്കുണ്ടായ ആശങ്ക പോലും മാതാപിതാക്കൾക്ക് ഇക്കാര്യത്തിൽ ഇല്ലെന്ന കാര്യം അതിശയകരം തന്നെ. സ്വന്തം മക്കളെ അന്ധമായി വിശ്വസിക്കുകയും അവരെ പ്രീതിപ്പെടുത്താൻ അവർ പറഞ്ഞതെന്തും സാധിപ്പിച്ചുകൊടുക്കയും ചെയ്യുന്ന മാതാപിതാക്കൾ കരയേണ്ടിവരും.

Press Registrar of General of India under No. KERMAL/2012/54719

Price: Rs.5/-

www.reallifevoice.in

ഡോ. എം. വി. സെബാസ്റ്റ്യന്റെ കൃതികൾ

1. വിശ്വാസവും സ്നാനവും: ഒന്നാം നൂറ്റാണ്ടിൽ എങ്ങനെയായിരുന്നു?
2. മൂപ്പൻ
3. സഭ
4. പരിശുദ്ധാത്മാവ്
5. യോവേൽ (പുസ്തകപഠനം)
6. ഓബദ്യാവ് (പുസ്തകപഠനം)
7. മീഖാ (പുസ്തകപഠനം)
8. ഹബക്കൂക് (പുസ്തകപഠനം)
9. കുടുംബജീവിതം
10. മൂലഭാഷകളുടെ സൗന്ദര്യം
11. ചോദ്യവും ഉത്തരവും
12. തലമുറകൾ
13. മഹാകവി കെ. വി. സൈമൺ
14. തൃശ്ശൂരിലെ താരപ്പേട്ടൻ അഥവാ സി. വി. താരപ്പൻ
15. തിരുവട്ടാർ കൃഷ്ണൻകുട്ടി: പ്രസംഗപീഠത്തിലെ ബാലസിംഹം
16. സൺഡേസ്കൂൾ പാഠങ്ങൾ (ഭാഗം 1)
17. ഖുർആൻ: ആത്മാർത്ഥതയില്ലാത്ത അവകാശവാദങ്ങൾ
18. ഇമ്മാനുവിന്റെ സംശയങ്ങൾ
19. ചിന്തകൾ പന്തങ്ങളാകുമ്പോൾ (എന്റെ ഡയറിക്കുറിപ്പുകൾ)
20. സത്യം തേടി...
21. പുതിയനിയമത്തിലൂടെ യാത്ര ചെയ്യുമ്പോൾ...
22. റോമർ 16-ാം അദ്ധ്യായത്തിലെ ദൈവമക്കൾ
23. Faith and Baptism: How Was It Taught and Practiced in the First Century?
24. The Search for Truth
25. Youth and Mental Health
26. Suicide and Its Causes: What Does the Bible Say?

ഈ പുസ്തകങ്ങൾ ആവശ്യമുള്ളവർക്ക് വെബ്സൈറ്റിൽനിന്നു നേരിട്ട് അവ download ചെയ്യാവുന്നതാണ്. അല്ലെങ്കിൽ നിങ്ങളുടെ വാട്സാപ് നമ്പറിൽ ആവശ്യപ്പെടുക. അപ്പോൾ ആവശ്യമുള്ള പുസ്തകങ്ങളുടെ pdf ആ വാട്സാപ് നമ്പറിലേക്ക് ഞങ്ങൾ അയച്ചുതരുന്നതാണ്.

Printed, published and owned by Sebastian M.V. Printed at Chirayath Printers, Mannuthy P.O., Thrissur, Kerala-680 651. Published at Real Life, Mamparampil House, Kottekad, Kuttur P.O., Thrissur - 680 013. **Editor:** Sebastian M.V